കാസർഗോഡ് ജില്ലയിൽ അനുവദിച്ച ചികിത്സാ സഹായധനം

57 (T*1761) ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കാസർഗോഡ് ജില്ലയിൽ എത്ര കോടി രൂപയുടെ ചികിൽസാ സഹായധനം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് കാസർഗോഡ് ജില്ലയിൽ 1-6-2015 വരെ 23064 പേർക്ക് 24,72,84,360 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

58 (1762) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നതിൽ എം.എൽ.എ.-മാരുടെ ശിപാർശയോടെ വരുന്ന അപേക്ഷയിന്മേൽ അനുവദിക്കുന്ന സാമ്പത്തിക സഹായം വളരെ കുറവും ജനസമ്പർക്ക പരിപാടിയിൽ ലഭിക്കുന്ന അപേക്ഷയിന്മേൽ വളരെ കൂടുതലും ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് രോഗികളോടുള്ള സർക്കാരിന്റെ രണ്ടു തരം സമീപനമാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ജനസമ്പർക്ക പരിപാടിയിൽ അനുവദിക്കുന്ന സാമ്പത്തിക സഹായത്തിന് ആനുപാതികമായ തുക തന്നെ മറ്റ് മാർഗ്ഗേന നൽകുന്ന അപേക്ഷകർക്കും നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Page 1